DESPATCHED
On. 22/06/2020

20/05/2020.

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1929*(2)/2018*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **9137** /*എസ്.ഐ.സി-ജി 6/18*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.മുഹമ്മദ് കുഞ്ഞി സി.എച്ച്.,
S/o ഫരീദ് സി.എച്ച്., ബദിയടുക്ക,
ചെടേക്കാൽ വീട്, പി.ഒ.പെർഡാല,
കാസർഗോഡ് – 671 551.
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
അസിസ്റ്റന്റ് എഞ്ചിനീയർ,
എൽ.എസ്.ജി.ഡി. സബ് സെക്ഷൻ,
കാസറഗോഡ്.

2. അപ്പീൽ അധികാരി&
അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ,
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ
കാര്യാലയം, എൽ.എസ്.ജി.ഡി.സബ് ഡിവിഷൻ,
കാസറഗോഡ്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 14.05.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 08.06.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 11.06.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 12.07.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 16.08.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 30.08.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 05.02.2020 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കാസറഗോഡ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

# ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.മുഹമ്മദ് കുഞ്ഞി സി.എച്ച്., 16.08.2018ന് സമർപ്പിച്ച അപ്പീൽ ഹർജി 30.08.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.1929(2)/18/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് പൂർണ്ണമായ വിവരങ്ങൾ നൽകിയില്ലെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ അപ്പീൽ അധികാരി നാളിതുവരെ തീർപ്പാക്കിയിട്ടില്ലെന്നും ആകയാൽ വിവരാവകാശ അപേക്ഷയ്ക്ക് വില കൽപ്പിക്കാത്ത ഒന്നും രണ്ടും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 14.05.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 08.06.2018ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 11.06.2018ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 12.07.2018ന് മറുപടി നൽകിയതായും കാണുന്നു.

4. 04.02.2020ൽ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് 08.06.2018ൽ മറുപടി നൽകിയിട്ടുണ്ടെന്നും ടി മറുപടിയിൽ തൃപ്താനാകാതെ സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാനോട് ഓഫീസിൽ നേരിട്ട് ഹാജരാകാൻ രണ്ടു തവണ കത്തു നൽകിയിട്ടും ഹാജരായിട്ടില്ലെന്നാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. അപ്പീൽ തീർപ്പാക്കുന്നതിന്റെ ഭാഗമായി രണ്ടുതവണ ടിയാനോട് ഹാജരാകാൻ ആവശ്യപ്പെട്ടിട്ടും ഹാജരായില്ലെന്നും ചെന്നാർക്കട്ട റോഡിന്റെ (മസ്ജിദ് റോഡ്) 90% വർക്കും ബ്ലോക്ക് പഞ്ചായത്തിനാണ് നൽകിയതെന്നും 10% വർക്ക് മാത്രമാണ് പഞ്ചായത്തിന് നൽകിയതെന്നും ടിയാന്റെ അപേക്ഷ വിവരാവകാശ നിയമത്തിലെ വകുപ്പ് 6(3) പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് അയച്ചുകൊടുത്തുവെന്നും ഒന്നാം എതിർകക്ഷി കമ്മീഷനു മൊഴി നൽകി. എന്നാൽ ഹർജിക്കാരന്റെ ഒന്നാം അപ്പീൽ നാളിതുവരെ തീർപ്പാക്കിയിട്ടില്ല എന്നാണ് ടിയാന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപമെന്നും ഹർജിക്കാരൻ ഹാജരായില്ലെങ്കിലും അപ്പീൽ

സമയബന്ധിതമായി തീർപ്പാക്കേണ്ട ബാധ്യത രണ്ടാം എതിർകക്ഷിക്കുണ്ടായിരുന്നു വെന്നും കമ്മീഷൻ വിലയിരുത്തുന്നു. ആകയാൽ ഹർജിക്കാരന്റെ ഒന്നാം അപ്പീൽ തീർപ്പാക്കി ടിയാന് മറുപടി നൽകണമെന്ന് കമ്മീഷൻ രണ്ടാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. കൂടാതെ രണ്ടാം അപ്പീൽ തീർപ്പാക്കാത്തതിനുള്ള കാരണം വിശദമാക്കിക്കൊണ്ടുള്ള റിപ്പോർട്ട് ഈ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം സമർപ്പി ക്കണമെന്നും രണ്ടാം എതിർകക്ഷിയ്ക്ക് കമ്മീഷൻ നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മേയ് 20–ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/